# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2387

2014 ഡിസംബർ 9-ാം തീയതി മറുപടി നല്കേണ്ടത്

**പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ മാറിക്കൊടുക്കുന്നതിന് മുൻഗണനാക്രമം പാലിക്കുന്നതിന് നടപടി**

**ചോദ്യം**

ശ്രീ. കെ.കെ. നാരായണൻ

**ഉത്തരം**

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്തെ പൊതു മരാമത്ത് പ്രവൃത്തികളുടെ എത്ര കോടി രൂപ ഇനി കൊടുത്തുതീർക്കുവാനുണ്ടെന്ന് വെളിപ്പെടുത്താമോ; | ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.01.2014 മുതൽ 31.08.2014 വരെയുള്ള കാലയളവിലേയ്ക്ക് 1343.47 കോടി രൂപയും, ഇതേ കാലയളവിലേയ്ക്ക് പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും, ജലവിഭവ വകുപ്പിൽ 01.01.2014 മുതൽ 31.07.2014 വരെ 61.42 കോടി രൂപയും ഉൾപ്പെടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്. |
| ബി) ഏതുമാസം വരെയുള്ള ബില്ലുകളാണ് ഇപ്പോൾ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | കരാറുകാരുടെ 31.12.2013 വരെയുള്ള ബില്ലുകൾ മാറുന്നതിന് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) സംസ്ഥാനത്ത് പൊതുമരാമത്തു പ്രവൃത്തി കളുടെ ബില്ലുകൾ മാറികൊടുക്കുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹു. കേരളാ ഹൈക്കോടതിയുടെ CCC.803/2000 ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമത്തിലാണ് മാറുന്നത്. മുൻഗണനാ ക്രമം പാലിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ